# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 426 — 21.03.2018 — ൽ മറുപടിക്ക്

## എ.എ.വൈ. പട്ടികയുടെ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

**ചോദ്യം**

(എ) റേഷൻ വിതരണത്തിനുള്ള എ.എ.വൈ. പട്ടികയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

(ബി) എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹരായ മുഴുവൻ പേരെയും എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എ.എ.വൈ. പട്ടികയിൽ കാൻസർ രോഗികളെയും എയ്ഡ്സ് രോഗികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

(എ) യും (ബി) യും (സി) യും (ഡി) യും

അന്ത്യോദയ അന്നയോജനപദ്ധതിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ വകുപ്പ് 10(a) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. എ.എ.വൈ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

നിലവിൽ ദേശീയ തലത്തിൽ 2.5 കോടി കുടുംബങ്ങൾ ഉൾപ്പെടുന്ന എ.എ.വൈ പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ
2) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ, ഏകയായ സ്ത്രീയോ പുരുഷനോ
3) എല്ലാ പ്രാക്തന(പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും

കൂടാതെ, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തരചികിത്സയ്ക്ക് വിധേയരാകേണ്ടിവരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ള 595800 ഗുണഭോക്താക്കളെ കണ്ടെത്തി എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

## എ.എ.വൈ. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | 63898 |
| കൊല്ലം | 50108 |
| പത്തനംതിട്ട | 24804 |
| കോട്ടയം | 35369 |
| ആലപ്പുഴ | 41282 |
| എറണാകുളം | 37668 |
| ഇടുക്കി | 33913 |
| തൃശ്ശൂർ | 54640 |
| പാലക്കാട് | 49261 |
| മലപ്പുറം | 53319 |
| കോഴിക്കോട് | 40851 |
| വയനാട് | 47068 |
| കണ്ണൂർ | 35245 |
| കാസർഗോഡ് | 28374 |
| **ആകെ** | **595800** |